LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾക്കായി ഓരോ സ്കൂളുകൾക്കും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ജൈവ വൈവിദ്ധ്യ ഉദ്യാനം ഉണ്ടാക്കുന്നതിനായി മണലൂർ നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ ചുവടെ ചേർക്കുന്നു.

1. ജി.യു.പി.എസ്., അരിമ്പൂർ
2. ജി.എം.യു.പി.എസ്., പാടൂർ
3. എ.യു.പി.എസ്., ഊരകം
4. സെന്റ് തെരേസാസ് യു.പി.സ്കൂൾ, മണലൂർ
5. എ.എം.എൽ.പി.എസ്., പാലുവായ്
6. സെന്റ് ലൂയിസ് എൽ.പി.എസ്., വെൺമനാട്
7. എക്സൽസിയർ യു.പി.സ്കൂൾ, കണ്ടാണശ്ശേരി
8. ജി.എൽ.പി.എസ്., കാക്കശ്ശേരി

(ബി) ഉണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത സ്കൂളുകൾക്ക് 10,000 രൂപവീതം അനുവദിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളും പണി പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്കൂളുകളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ ദൂരദർശിനി**

169 (3874) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2010 മുതൽ 2018 ജനവരി മാസം വരെ എത്ര ദൂരദർശിനികൾ വാങ്ങിയെന്നും ഓരോന്നിന്റെയും വില, കമ്പനി എന്നിവ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സയൻസ് മ്യൂസിയത്തിൽ ദൂരദർശിനി വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങളും, ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും ദൂരദർശിനികൾ വാങ്ങുമ്പോൾ ടെണ്ടർ ക്ഷണിക്കാറുണ്ടോ; എങ്കിൽ ഓരോ ടെണ്ടറിലും പങ്കെടുത്ത കമ്പനികളുടെ വിശദാംശം നൽകുമോ;

(ഡി) ടെണ്ടർ ക്ഷണിക്കാതെ ദൂരദർശിനികൾ വാങ്ങിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ 2010 മുതൽ 2018 ജനവരി മാസം വരെ 23 ദൂരദർശിനികൾ വാങ്ങിയിട്ടുണ്ട്. അവയുടെ വില, കമ്പനി തുടങ്ങിയവയുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സ്റ്റോഴ്സ് പർചേഴ്സ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് മ്യൂസിയത്തിൽ ദൂരദർശിനികൾ വാങ്ങിയിട്ടുള്ളത്. ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത കമ്പനികൾക്കാണ് ടെണ്ടർ അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ഓരോ ടെണ്ടറിലും പങ്കെടുത്ത കമ്പനികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ ടെണ്ടർ ക്ഷണിക്കാതെ ദൂരദർശിനികൾ വാങ്ങിയിട്ടില്ല.

**എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷ**

170 (3875) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷയിൽ കഴിഞ്ഞ വർഷം എത്ര കുട്ടികൾ പരീക്ഷ എഴുതിയിരുന്നു; എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു;

(ബി) ഇപ്പോൾ എത്ര രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly